## 314

1 യേശുവിൻ നാമം ശാശ്വതനാമം ക്ലേശമശേഷവും നീക്കും നാമം
വിശ്വസിക്കുന്നവർ നാം ആശ്രയിക്കുന്നതും ആനന്ദിക്കുന്നതും
ആശ്വസിക്കുന്നതുമായ നാമം
അനുദിനം പുകഴ്ത്തുക നാം അ-അ-

2 ചിന്മയനാമം നൻമയിൻ ധാമം കന്മഷക്കൂരിരുളിൻ വിരാമം
മന്നിലിതിന്നു സമം ഉന്നതമാമംഗീകൃതനാമം
അന്യമില്ലെന്നതു നിർണ്ണയമാം
അനുദിനം പുകഴ്ത്തുക നാം അ-അ-

3 തൻതിരുനാമം എന്തഭിരാമം ആതുരർക്കാനന്ദമാം വിശ്രാമം
ഭക്തരിന്നുൾപ്രേമം വൻതിരയേറും സിന്ധുവാം ലോകം
താ ഉവതിന്നുതകുന്ന നാമം
അനുദിനം പുകഴ്ത്തുക നാം അ-അ-

4 ഏതൊരു നാവും യേശുവിൻ നാമം
ഓതിടും നാൾവരുന്നെന്തുക്ഷേമം
നിരുപമം നിസ്സീമം ആരുമവൻ തൃപ്പാദപ്രണാമം
ചെയ്തിടുമന്നഭിവന്ദ്യനാമം
അനുദിനം പുകഴ്ത്തുക നാം അ-അ-

T.K.S.